ഫിൻ (5)7098/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 09.11.2020

Email: keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in

Tel No.0471 2330726

**സർക്കുലർ നമ്പർ 76/2020**

വിഷയം :- സഹകരണ വകുപ്പ് - ഫിനാൻസ് - വരവ് ചെലവ് കണക്കുകൾ അനുരഞ്ജനം ചെയ്ത് ലഭ്യമാക്കുന്നത്-നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

പരാമർശം:- 1. ബഹു.സഹകരണ സംഘം രജിസ്ട്രാറിന്റെ 29.06.2013 തീയതിയിലെ 42/2013 നമ്പർ സർക്കുലർ
2. കേരള സർക്കാരിന്റെ 27.06.2018 തീയതിയിലെ PS1/633/2016/ Co-op നമ്പർ കത്ത്.

കേരള ബഡ്ജറ്റ് മാന്വൽ ഖണ്ഡിക 74(1) പ്രകാരം എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥരും അതാത് ആഫീസിലെ പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിലെ ചെലവിനങ്ങളുടെ കണക്കുകളും വരവിനങ്ങളുടെ കണക്കുകളും അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളുമായി അനുരഞ്ജനം നടത്തി, നിശ്ചിത പ്രഫോർമയിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരുന്നു. യഥാസമയം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ആഫീസുകളിൽ നിന്നും അനുരഞ്ജനം ചെയ്ത് റിപ്പോർട്ട് നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാകേണ്ടതുണ്ട്. എന്നാൽ ടി റിപ്പോർട്ട് പല ആഫീസുകളിൽ നിന്നും യഥാസമയം സമർപ്പിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയം സർക്കാരും അക്കൗണ്ടന്റ് ജനറലും ഗൗരവമായിട്ടാണ് വീക്ഷിക്കുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മറ്റി ഇത്തരത്തിലുള്ള വീഴ്ചകൾ ഗുരുതരമായി വീക്ഷിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭാവിയിലുണ്ടാകുന്ന ഇത്തരം വീഴ്ചയ്ക്ക് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് സർക്കാർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥരും ടി വിഷയത്തിൽ അതീവ ശ്രദ്ധ പുലർത്തി വീഴ്ച കൂടാതെ അതാത്

മാസത്തെ വരവ് ചെലവ് അനുരഞ്ജനപട്ടിക നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ വീഴ്ച വരുത്തുന്ന നിയന്ത്രണ ഉദ്യോഗസ്ഥർ കർശന നടപടികൾക്ക് വിധേയമാകുന്നതാണ്.

(ഒപ്പ്)

ഡോ.നരസിംഹഗാരി ടി.എൽ റെഡ്ഡി ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1 സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2 എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3 എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4 എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
5 എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
6 ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ, എല്ലാ സഹകരണ പരിശീലന കേന്ദ്രങ്ങൾ
7 ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്), സഹകരണ വിജിലൻസ് ആഫീസ്
8 ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി, കേരള സഹകരണ ഓംബുഡ്സ്മാൻ ആഫീസ്
9 ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി, കേരള സഹകരണ ട്രൈബ്യൂണൽ
10 അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി, സഹകരണ ആർബിട്രേഷൻ കോടതി, തിരുവനന്തപുരം, കോഴിക്കോട്
11 അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
12 ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി, സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്
13 എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
14 ഐ.റ്റി സെക്ഷൻ
15 സ്റ്റോക്ക് ഫയൽ
16 വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്)